**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 19.10.2024

# അൻപതിനായിരം രൂപ കൈക്കൂലി വാങ്ങിയ സ്പെഷ്യൽ വില്ലേജ് ഓഫീസറും വില്ലേജ് അസിസ്റ്റന്റും വിജിലൻസ് പിടിയിൽ.

തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര വില്ലേജ് ഓഫീസിലെ സ്പെഷ്യൽ വില്ലേജ് ഓഫീസറായ പ്രസാദിനെയും വില്ലേജ് അസിസ്റ്റന്റായ ആശിഷിനെയും 50,000/- രൂപ കൈക്കൂലി വാങ്ങവേ ഇന്ന് (19.10.2024) വിജിലൻസ് പിടികൂടി.

തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ സ്വദേശിയായ പരാതിക്കാരന്റെ വിദേശത്തുള്ള സുഹൃത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ജെസിബി ഉപയോഗിച്ച് നിരപ്പാക്കുമ്പോൾ, നിലം നികത്തുന്നതായ പരാതി അന്വേഷിക്കാൻ സ്ഥലത്തെത്തിയ മണ്ണുത്തി പോലീസ് ജെസിബി പിടിച്ചെടുത്തിരുന്നു. തുടർന്ന് ജെസിബി വിട്ടുകിട്ടുന്നതിലേക്കായി മണ്ണുത്തി പോലീസിനെ സമീപിച്ച പരാതിക്കാരനോട് സ്ഥലം കര ഭൂമിയാണെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് ഒല്ലൂക്കര വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്നതിനായി കത്ത് അയച്ചിട്ടുള്ളതായി പോലീസ് അറിയിച്ചു. പരാതിക്കാരൻ റിപ്പോർട്ടിന്റെ നിലവിലത്തെ അവസ്ഥ അറിയുന്നതിനായി ഒല്ലൂക്കര വില്ലേജ് ഓഫീസിനെ സമീപിച്ചപ്പോൾ വില്ലേജ് ഓഫീസറും, സ്പെഷ്യൽ വില്ലേജ് ഓഫീസറായ പ്രസാദും കഴിഞ്ഞ ആഴ്ച സ്ഥലം സന്ദർശിക്കുകയും അതിന് ശേഷം സ്പെഷ്യൽ വില്ലേജ് ഓഫീസറായ പ്രസാദ് പരാതിക്കാരനെ ഫോണിൽ വിളിച്ച് നേരിട്ട് വില്ലേജ് ഓഫീസിൽ എത്തുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഓഫീസിലെത്തിയ പരാതിക്കാരനോട് സ്ഥലം പറമ്പും നിലവുമായി കാണപ്പെടുന്നുവെന്നും സാധാരണയായി ജെസിബിയുടെ വിലയുടെ മൂന്നിരട്ടി തുകയായ 55 ലക്ഷം കോടതിയിൽ കെട്ടിവയ്ക്കേണ്ടിവരുമെന്നും അല്ലെങ്കിൽ 55 ലക്ഷം രൂപയുടെ 10 ശതമാനമായ 5.5 ലക്ഷം രൂപ കൈക്കൂലി നൽകിയാൽ വില്ലേജ് ഓഫീസറോട് പറഞ്ഞ് അനുകൂലമായ റിപ്പോർട്ട് പോലീസിന് നൽകാമെന്ന് സ്പെഷ്യൽ വില്ലേജ് ഓഫീസറായ പ്രസാദും വില്ലേജ് അസിസ്റ്റന്റായ ആശിഷും പരാതിക്കാരനോട് പറഞ്ഞു. അത്രയും പണം നൽകാനില്ലായെന്ന് അറിയിച്ചപ്പോൾ 2 ലക്ഷം രൂപ നൽകാതെ റിപ്പോർട്ട് നൽകില്ലായെന്നും മുൻകൂറായി 50,000/- രൂപ ഇന്ന് (19/10/2024) വില്ലേജ് ഓഫീസിലെത്തിക്കുവാൻ ഉദ്യോഗസ്ഥർ ആവശ്യപ്പെടുകയായിരുന്നു.

പരാതിക്കാരൻ ഈ വിവരം വിജിലൻസിനെ അറിയിക്കുകയും തുടർന്ന് വിജിലൻസ് മധ്യമേഖല പോലീസ് സൂപ്രണ്ട് ശ്രീ. എസ്. ശശിധരൻ ഐ.പി.എസ് ന്റെ നിർദ്ദേശപ്രകാരം തൃശ്ശൂർ വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. ഷിബു.പി യുടെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി പരാതിക്കാരനിൽ നിന്നും

ആവശ്യപ്പെട്ട ആദ്യ ഗഡുവായ 50,000/- രൂപ ഒല്ലൂക്കര വില്ലേജ് ഓഫീസിൽ വച്ച് വാങ്ങിയ വില്ലേജ് അസിസ്റ്റന്റായ ആശിഷ്, സ്പെഷ്യൽ വില്ലേജ് ഓഫീസറായ പ്രസാദ് എന്നിവരെ ഇന്ന് (19.10.2024) 03.50 മണിക്ക് വിജിലൻസ് അറസ്റ്റ് ചെയ്യുകയാണുണ്ടായത്. ഈസംഭവത്തിൽ കൂടുതൽ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടോയെന്ന് വിജിലൻസ് അന്വേഷിക്കുന്നതാണ്. അറസ്റ്റ് ചെയ്ത പ്രതികളെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി-യെ കൂടാതെ പോലീസ് ഇൻസ്പെക്ടർമാറായ ശ്രീ.ജയേഷ് ബാലൻ, ശ്രീ. രഞ്ചിത്ത് കുമാർ പോലീസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ. കമൽ ദാസ്, ശ്രീ. ബൈജു, ശ്രീ. ജയകുമാർ പോലീസ് ഉദ്യോഗസ്ഥരായ ശ്രീ. ലിജോ, ശ്രീ. സുധിഷ്, ശ്രീ. ഗണേഷ്, ശ്രീ. അരുൺ, ശ്രീ. സൈജു സോമൻ, ശ്രീ. വിബീഷ്, ശ്രീ. സിബിൻ, ശ്രീ. സെൽവകുമാർ, ശ്രീ. രതീഷ് എന്നിവരും ഉണ്ടായിരുന്നു..

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.